"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 986/2009 നമ്പർ കേസിന്മേലുള്ള ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2000/2024/LSGD** **തീയതി, തിരുവനന്തപുരം, 21-10-2024**

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 19/04/2023 തീയതിയിലെ എ3/2817/2007/ടിഡ, 12/04/2024 തീയതിയിലെ എ3/2037/2011/ടിഡ നമ്പർ കത്തുകൾ.
2. സ.ഉ.(സാധാ) നം. 1304/2024/ത.സ്വ.ഭ.വ, തീയതി 19/07/2024.
3. സ.ഉ.(സാധാ) നം. 7223/2024/ധന, തീയതി 28/09/2024.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം -മെഡിക്കൽകോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി പട്ടം വില്ലേജിൽ സർവ്വേ നമ്പർ 1105/1-4, 1-5-ൽ ഉൾപ്പെട്ടതും ശ്രീമതി. വിജയകുമാരിയുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.52 ആർ സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിരുന്ന എൽ.എ.ആർ.986/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 56,51,241/- രൂപ (അമ്പത്തിയാറ് ലക്ഷത്തി അമ്പത്തിയൊന്നായിരത്തി ഇരുന്നൂറ്റി നല്പത്തിയൊന്ന് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 986/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 56,51,241/- രൂപ (അമ്പത്തിയാറ് ലക്ഷത്തി അമ്പത്തൊന്നായിരത്തി ഇരുന്നൂറ്റി നാൽപത്തിയൊന്ന് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീമതി വിജയകുമാരിക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം '4217-60-800-93- Payment of compensation in LAR Cases (Plan Charged)' എന്ന ശീർഷകത്തിൽ 56,52,000/- രൂപ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ പട്ടം - മെഡിക്കൽകോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി പട്ടം വില്ലേജിൽ സർവ്വേ നമ്പർ 1105/1-4, 1-5-ൽപ്പെട്ടതും ശ്രീമതി പി.

വിജയകുമാരിയുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.52 ആർ സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 986/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 56,51,241/- രൂപ (അമ്പത്തിയാറ് ലക്ഷത്തി അമ്പത്തിയൊന്നായിരത്തി ഇരുന്നൂറ്റി നല്പത്തിയൊന്ന് രൂപ മാത്രം) 4217 CAPITAL OUTLAY ON URBAN DEVELOPMENT - 60 OTHER URBAN DEVELOPMENT SCHEMES - 800 OTHER EXPENDITURE - 93 Payment of compensation in LAR Cases (Plan - Charged) എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷിയായ ശ്രീമതി പി. വിജയകുമാരിക്ക് (വിജയസദനം, റ്റി.സി.2/1442, പൊട്ടക്കുഴി, പട്ടം പി.ഒ., തിരുവനന്തപുരം) റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4). പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ) തിരുവനന്തപുരം.
ശ്രീമതി പി. വിജയകുമാരി, വിജയസദനം, റ്റി.സി.2/1442, പൊട്ടക്കുഴി, പട്ടം പി.ഒ., തിരുവനന്തപുരം.
(ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./
ഇ.&ആർ.എസ്.എ.), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/165/2024/FIN. dated 07.10.2024).
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/131/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 22-10-2024 15:03:59
സെക്ഷൻ ഓഫീസർ